**ദി സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്**
**വെട്ടിത്തിട്ട.പി.ഒ., അലിമുക്ക്.**
**ഫോൺ നംപർ 2222251 / 52 / 45**

നം: എസ്.എഫ്സി.കെ/എസ്.ഡി/2018 – 19/2166 തീയതി : 12.09.2018

**ലേലം/ദർഘാസ് പരസ്യം**

കോർപ്പറേഷന്റെ അധീനതയിലുള്ള ചിതൽവെട്ടി എസ്റ്റേറ്റിലെ 58 റബ്ബർ മരങ്ങളും രണ്ട് കുറ്റി മരങ്ങളും എടുക്കുന്നതിന് താൽപ്പര്യമുള്ളവരിൽ നിന്നും മത്സരസ്വഭാവമുള്ള ദർഘാസുകൾ ക്ഷണിച്ചു കൊള്ളുന്നു.

| | |
|---|---|
| നിരതദ്രവ്യം | : 10,000/- |
| ടെൻഡർ ഫോമിന്റെ വില | : 177/-രൂപ |
| ദർഘാസ് സ്വീകരിയ്ക്കുന്ന തീയതിയും സമയവും | : **25-9-2018** 1.30.മണി |
| ദർഘാസ് തുറക്കുന്ന തീയതിയും സമയവും | : **25-9-2018** 2.30മണി |

കൂടുതൽ വിവരങ്ങൾക്ക് **www.sfckerala.com** **സന്ദർശിയ്ക്കുക.**

ഒപ്പ്

മാനേജിംഗ് ഡയറക്ടർ

.

1. ദർഘാസിന് മുമ്പായി ഇതിൽ പങ്കെടുക്കാനാഗ്രഹിയ്ക്കുന്നവർ ചിതൽവെട്ടി എസ്റ്റേറ്റ് /അസി. മാനേജർമാരുടെ അനുവാദത്തോടെ ടെൻഡറിൽ പറഞ്ഞിരിക്കുന്ന ബ്ളോക്കിലെ മരങ്ങൾ പരിശോധിച്ച് ബ്ളോക്കിന്റെ അതിർത്തി, മരങ്ങളുടെ എണ്ണം, മരങ്ങളുടെ അവസ്ഥ മുതലായവ സ്വയം ബോധ്യപ്പെടേണ്ടതാണ്. ബ്ളോക്കുകളുടെ അതിർത്തി, മരങ്ങളുടെ എണ്ണം സംബന്ധിച്ച് എന്തെങ്കിലും തർക്കമുണ്ടായാൽ മാനേജിംഗ് ഡയറക്ടറുടെ തീരുമാനം അന്തിമമായിരിക്കുന്നതും, അത് അംഗീകരിക്കുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്.

2. ദർഘാസ് വ്യവസ്ഥകളും മറ്റ് വിശദവിവരങ്ങളും രജി.ഫീസിൽനിന്നോ, എസ്റ്റേറ്റ് ഓഫീസിൽ നിന്നോ ലഭിയ്ക്കുന്നതാണ്. ദർഘാസ് വഴിയോ,

നെഗോസിയേഷൻ വഴിയോ വാഗ്ദാനം ചെയ്യപ്പെടുന്ന തുകയിൽ ഏതാണോ കൂടുതൽ, പ്രസ്തുത തുക മാനേജ്മെന്റിന് സ്വീകാര്യമാണെങ്കിൽ പരിഗണിക്കുന്നതാണ്. നിശ്ചിത സമയത്തിന് ശേഷം ലഭിയ്ക്കുന്ന ദർഘാസുകൾ സ്വീകരിയ്ക്കുന്നതല്ല.

3. ലേലം/ദർഘാസ് പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ആയതിനു മുമ്പായി ചിതൽവെട്ടി എസ്റ്റേറ്റിൽ പോയി ബ്ളോക്കുകളുടെ വിസ്തൃതി, അതിര്, മരങ്ങളുടെ എണ്ണം, മരങ്ങളുടെ അവസ്ഥ തുടങ്ങിയവയെക്കുറിച്ച് നേരിൽ കണ്ട് ബോദ്ധ്യപ്പെടേണ്ടതാണ്. ബ്ളോക്കുകളുടെ അതിർത്തി, മരങ്ങളുടെ എണ്ണം സംബന്ധിച്ച് എന്തെങ്കിലും തർക്കമുണ്ടായാൽ മാനേജിംഗ് ഡയറക്ടറുടെ തീരുമാനം അന്തിമമായിരിക്കുന്നതും, അത് അംഗീകരിക്കുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്.

4. ലേലം/ദർഘാസ് സ്ഥിരപ്പെടുത്തിക്കഴിഞ്ഞാൽ ഗുണനിലവാരത്തെപ്പറ്റിയുളള യാതൊരു ആക്ഷേപങ്ങളും പരിഗണിക്കുന്നതല്ല.

5. പാൻകാർഡ്, ജി.എസ്.റ്റി. രജിസ്ട്രേഷൻ എന്നിവ ഉള്ളവർക്ക് മാത്രമേ ലേലം/ദർഘാസിൽ പങ്കെടുക്കുവാൻ കഴിയുകയുള്ളൂ. കരാറുകാരൻ ഉടമ്പടി വയ്ക്കുമ്പോൾ ഇൻകം ടാക്സ് വകുപ്പിൽ നിന്നുളള പാൻകാർഡും (**Pan Card**) ജി.എസ്സ്.റ്റി. നമ്പരും ഹാജരാക്കേണ്ടതാണ്.

6. ദർഘാസ് തുകയ്ക്ക് പുറമേ, ചരക്ക് സേവന നികുതിയോ ആദായ നികുതിയോ മറ്റു നികുതികളോ ബാധകമാണെങ്കിൽ ആയത് കരാറുകാരൻ അടയ്ക്കേണ്ടതാണ്.